**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **12-02-2024 - ൽ മറുപടിയ്ക്ക്**

**വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണത്തിന് പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള ക്ഷാമം രൂക്ഷമായ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലയോര ഗ്രാമങ്ങളിൽ ഉൾപ്പെടെ 2023-ൽ അനുവദനീയമായതിൽ കൂടുതൽ തുക കുടിവെള്ള വിതരണത്തിന് ചെലവഴിക്കേണ്ടിവന്ന സാഹചര്യത്തിൽ, 2023 മെയ് 31 വരെ കൂടുതൽ തുക ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഈ വിഷയത്തിൽ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ തുക 2023 മേയ് 8-നകം ചെലവഴിച്ചു കഴിഞ്ഞതിനാൽ മേയ് 31 വരെ അധിക തുക ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ജില്ലാ കളക്ടർക്കു സമർപ്പിച്ചിരുന്ന അപേക്ഷ ഉള്ളടക്കം ചെയ്തുകൊണ്ട് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്ന അപേക്ഷ സർക്കാർ പരിശോധിച്ചു. അപേക്ഷയിൽ അവശ്യം വേണ്ട വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തു റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കുന്നതിലേക്കായി വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രത്യേക അനുമതി നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഈ വിഷയത്തിൽ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ തുക 2023 മേയ് 8-നകം ചെലവഴിച്ചു കഴിഞ്ഞതിനാൽ മേയ് 31 വരെ അധിക തുക ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ജില്ലാ കളക്ടർക്കു സമർപ്പിച്ചിരുന്ന അപേക്ഷ ഉള്ളടക്കം ചെയ്തുകൊണ്ട് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്ന അപേക്ഷ സർക്കാർ പരിശോധിച്ചു. അപേക്ഷയിൽ അവശ്യം വേണ്ട വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തു റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കുന്നതിലേക്കായി വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ